● ലേഖനം

● എ. കെ അബ്ദുൽ മജീദ്

# ഇമാം ഗസ്സാലിയുടെ രാഷ്ട്രീയ ചിന്തകൾ

രാഷ്ട്രീയ തന്ത്രം (Political Science) പാശ്ചാത്യ ചിന്തയുടെ ഉൽപന്നമാണെന്നാണ് സാമാന്യേന പറഞ്ഞു വരുന്നത്. ഇസ്‌ലാമിക രാഷ്ട്രീയ ചിന്ത സമഗ്രമായ പര്യാലോചനക്ക് ഇനിയും വിഷയീഭവിച്ചിട്ടില്ല. മതരാഷ്ട്രീയം പാപമാണെന്ന അപകർഷ ചിന്ത ഇതിനു കാരണമായിട്ടുണ്ടാവാം. മുസ്‌ലിം മതപണ്ഡിതന്മാരും ദാർശനികരും ഈ പഠന ശാഖകൾക്കു നൽകിയ സംഭാവനകൾ തമസ്കരിക്കപ്പെടാൻ കൊളോണിയലിസം അടിച്ചേൽപ്പിച്ച അപകർഷതാ ബോധം കാരണമാവുന്നുണ്ട്. ഇമാം അബൂഹാമിദ് അൽ ഗസ്സാലി (മരണം: ഹി. 505/ക്രി.1111)യുടെ രാഷ്ട്രീയ ചിന്തകൾ സാമാന്യമായി പരിചയപ്പെടുത്തുകയാണ് ഈ ലേഖനോദ്ദേശ്യം.


ഇമാം ഗസ്സാലി

വിജ്ഞാനശാഖകളെ ഗണിതം, തർക്കശാസ്ത്രം, ഭൗതികം, അതിഭൗതികം, രാഷ്ട്രതന്ത്രം, ധർമ്മ മീമാംസ എന്നിങ്ങനെ ആറായി വിഭജിക്കുന്നുണ്ട് ഇമാം ഗസ്സാലി തന്റെ ആത്മകഥാപരമായ ആഖ്യാനമായ 'അൽ മുൻഖിദുമിനദ്ദലാൽ' എന്ന ലഘു ഗ്രന്ഥത്തിൽ. അധികാരത്തെയും ഐഹികവ്യാപാരങ്ങളെയും സംബന്ധിക്കുന്ന പൊതു താൽപര്യ പ്രധാനമായ നിയമങ്ങളുടെ ക്രോഡീകരണം എന്നാണ് രാഷ്ട്രവിജ്ഞാനീയത്തെ അദ്ദേഹം നിർവചിക്കുന്നത്. ദൈവിക വെളിപാടുകൾ, പൂർവികരുടെ ധൈഷണിക സംഭാവനകൾ എന്നിവയാണ് ഈ വിജ്ഞാനീയത്തിന്റെ ഉറവിടമായി ഇമാം ഗസ്സാലി കാണുന്നത്. മനുഷ്യവംശത്തിന്റെ മൂന്നനുഭവങ്ങളെ ആധാരമാക്കിയുള്ളതാണ് പൂർവികരുടെ നിഗമനങ്ങൾ എന്നതിനാൽ, ഗസ്സാലി നിർദ്ദേശിക്കുന്ന അറിവിന്റെ രണ്ടാമത്തെ ഉറവിടം ശ്രദ്ധയർഹിക്കുന്നു. രാഷ്ട്ര വിജ്ഞാനീയത്തെ ഒരു പ്രത്യേക പഠനശാഖയായി ഗസ്സാലി അടയാളപ്പെടുത്തി എന്നതും കൃത്യമായ ഒരു നിർവചനം അതിനു നൽകി എന്നതും വളരെയേറെ പ്രാധാന്യമർഹിക്കുന്നു.

സുൽത്താൻ മാലിക് ഷായുടെ പുത്രൻ ഗിയാസുദ്ദീൻ അബുശുജാഅ് മുഹമ്മദിന്റെ ശിക്ഷണാർത്ഥം ഗസ്സാലി എഴുതിയ 'അത്തിബ്റുൽ മസ്ബൂക്' മികച്ച ഒരു രാഷ്ട്രീയ-സദാചാര കൈപുസ്തകമാണ്. ഭരണാധികാരികൾ സ്വായത്തമാക്കേണ്ട സ്വഭാവഗുണങ്ങൾ അതിലദ്ദേഹം വിശദീകരിക്കുന്നു. 'സിർറുൽ ആലമൈൻ' എന്ന നിബന്ധവും ഭരണാധികാരികൾക്കുള്ള ഉപദേശങ്ങൾ ഉൾക്കൊള്ളുന്നു. കീമിയാഉസ്സആദഃ, ഇഹ്‌യാ ഉലൂമിദ്ദീൻ എന്നീ പ്രശസ്ത ഗ്രന്ഥങ്ങളിലും ഇസ്‌ലാമിക ഭരണ സമ്പ്രദായത്തെ സംബന്ധിച്ച വിശദമായ ചർച്ചകളുണ്ട്. 'അൽ ഇഖ്തിസ്വാദു ഫിൽ ഇഅ്തിഖാദ്, ഫാതിഹതുൽ ഉലൂം, കിതാബുൽ വജീസ് എന്നിവയിലെ രാഷ്ട്രീയ ഉള്ളടക്കങ്ങളും ശ്രദ്ധേയങ്ങളത്രെ.

### സാമൂഹിക ജീവിതവും രാഷ്ട്രവും

മനുഷ്യൻ അടിസ്ഥാനപരമായി സാമൂഹിക ജീവിയാണ് എന്ന യാഥാർത്ഥ്യത്തിന് ഇമാം ഗസ്സാലി അടിവരയിടുന്നു. 'ഇഹ്‌യാഉലൂമിദ്ദീൻ' എന്ന പ്രകൃഷ്ടകൃതിയിൽ അദ്ദേഹം ഇതു സംബന്ധമായി വിശദമായി ഉപന്യസിച്ചിട്ടുണ്ട്. പരാശ്രയം ഇല്ലാതെ തനിച്ചു ജീവിക്കാൻ സാധിക്കുന്ന വിധമല്ല മനുഷ്യന്റെ സൃഷ്ടിപ്പ് എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. പ്രജനനം, ജീവസന്ധാരണം എന്നിവക്ക് മനുഷ്യന് അന്യാശ്രയം കൂടിയേ തീരൂ. ഭര്യാ സന്താനങ്ങളുമായി ഒരു മുറിയിൽ ബാഹ്യബന്ധമില്ലാതെ ജീവിക്കുവാനും മനുഷ്യനു സാധ്യമല്ല. ജീവിതം അപ്പോൾ ദുർവഹവും ദുസ്സഹവുമായിത്തീരും. വിവിധ തൊഴിലുകളിലും നിർമ്മാണ പ്രക്രിയകളിലും ഏർപ്പെട്ടിരിക്കുന്നവരുമാ

യുള്ള നിരന്തരമായ സമ്പർക്കം സുഗമമായ ജീവിതത്തിന് അനിവാര്യമാണ്. പരസ്പരം ആശ്രയിക്കുന്ന വലിയൊരു ജനസമൂഹം പ്രകൃതിയുടെ തന്നെ താൽപര്യമത്രേ. ആശാരിയും, കുശവനും, കർഷകനും കുശിനിക്കാരനും കൊല്ലനും നെയ്ത്തുകാരനും സേവനം പരസ്പരം പങ്കുവെച്ചാണ് സമൂഹം നിർമ്മിക്കുന്നത്. ജീവിത സാഹചര്യം മനുഷ്യനെ വീടുകളും കവാടങ്ങളും മതിലുകളും നഗരങ്ങളും പണിയാൻ പ്രേരിപ്പിക്കുന്നതായും ഇമാം ഗസ്സാലി നിരീക്ഷിക്കുന്നു. ചെറുസമൂഹങ്ങൾക്ക് പുറത്തുനിന്നുള്ള ആക്രമണകാരികളിൽ നിന്ന് സ്വയം സംരക്ഷിക്കുന്നതിന് തങ്ങളുടെ വാസസ്ഥലത്തിനു ചുറ്റും ഭിത്തി പണിയേണ്ടതായിവരുന്നു.

സമൂഹത്തിനകത്ത് ഉടലെടുക്കുന്ന പ്രശ്നങ്ങളെ നിയന്ത്രിക്കാതെ വിട്ടാൽ അത് സമൂഹത്തിന്റെ നാശത്തിൽ കലാശിക്കും. സമൂഹത്തിലെ ദുർബലരും അവശരും പണിയെടുക്കാൻ ശേഷിയില്ലാത്തവരും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. തർക്കങ്ങൾ പരിഹരിക്കുക, ദുർബലരെ സംരക്ഷിക്കുക, ശത്രുക്കളെ തടയുക തുടങ്ങിയ സംഗതികൾ സാമൂഹിക ജീവിതം ആവശ്യപ്പെടുന്നു. ഇവ പുതിയ തൊഴിൽ മേഖലകൾ സൃഷ്ടിക്കുന്നു. ഭരണനിർവഹണവും നിയമപാലനവും സാമൂഹിക ജീവിത്തിന്റെ അനുപേക്ഷ്യ ഘടകങ്ങളാണെന്ന് തിരിച്ചറിയുന്നതോടെ മനുഷ്യൻ ഒരു രാഷ്ട്രീയ ജീവിയായി സ്വയം അടയാളപ്പെടുത്തിത്തുടങ്ങുന്നു. ജനങ്ങളുടെ രാഷ്ട്രീയക്ഷേമത്തിന് മികച്ച ഭരണസംവിധാനവും കുറ്റമറ്റ നീതിന്യായ വ്യവസ്ഥകളും അത്യന്താപേക്ഷിതമാവുന്നു. അറിവും നേതൃശേഷിയും വിശേഷ ഗുണങ്ങളുമുള്ള ആളുകൾക്കേ രാഷ്ട്രീയം നല്ല വിധത്തിൽ കൈകാര്യം ചെയ്യാനാവുകയുള്ളൂ. രാഷ്ട്രകാര്യങ്ങളിൽ വ്യാപൃതരാവുന്നതിനാൽ സ്വന്തം ജീവസന്ധാരണാർഥം മറ്റു തൊഴിലുകളിൽ ഏർപ്പെടാൻ അവർക്ക് സമയം ലഭിക്കുകയില്ല എന്നതിനാൽ സമൂഹം അവർക്ക് വേതനം നൽകണം. അതിനാൽ പൊതുചെലവിന് നികുതി അനിവാര്യമായിത്തീരുന്നു. നികുതി പരിവ് എന്ന മറ്റൊരു തൊഴിൽ മേഖല ഇങ്ങനെ തുറക്കപ്പെടുന്നു.




**മനുഷ്യൻ അടിസ്ഥാനപരമായി സാമൂഹിക ജീവിയാണ് എന്ന യാഥാർത്ഥ്യത്തിന് ഇമാം ഗസ്സാലി അടിവരയിടുന്നു. 'ഇഹ്‌യാഉലൂമിദ്ദീൻ' എന്ന കൃതിയിൽ അദ്ദേഹം ഇതു സംബന്ധമായി വിശദമായി ഉപന്യസിച്ചിട്ടുണ്ട്. പരാശ്രയം ഇല്ലാതെ തനിച്ചു ജീവിക്കാൻ സാധിക്കുന്ന വിധമല്ല മനുഷ്യന്റെ സൃഷ്ടിപ്പ് എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. പ്രജനനം, ജീവസന്ധാരണം എന്നിവക്ക് മനുഷ്യന് അന്യാശ്രയം കൂടിയേ തീരൂ. ഭര്യാ സന്താനങ്ങളുമായി ഒരു മുറിയിൽ ബാഹ്യബന്ധമില്ലാതെ ജീവിക്കുവാനും മനുഷ്യനു സാധ്യമല്ല.**

പൊതുധനം കൈകാര്യം ചെയ്യുന്നതിന് ഒരു വ്യവസ്ഥ കൂടിയെ കഴിയൂ. രാഷ്ട്രത്തിന് ഉദ്യോഗസ്ഥരും പട്ടാളക്കാരും ന്യായാധിപരും വേണ്ടതിനാൽ പൊതുചെലവ് വർധിക്കും. സാമ്പത്തിക കാര്യങ്ങൾ നീതിപൂർവ്വം നിർവഹിക്കുന്ന ഉത്തരവാദിത്വബോധമുള്ള ഒരു വിഭാഗം ആവശ്യമായിത്തീരുന്നു. ഇങ്ങനെ വളരെ ക്രമാനുഗതമായാണ് ഇമാം ഗസ്സാലി രാഷ്ട്രത്തെ സംബന്ധിച്ച തന്റെ ചിന്തയെ വികസിപ്പിക്കുന്നത്. രാജ്യത്തെ ജനങ്ങളെ അദ്ദേഹം മൂന്നു വിഭാഗങ്ങളായി തിരിക്കുന്നു.

1) കർഷകർ, തൊഴിലാളികൾ, കരകൗശലക്കാർ തുടങ്ങിയവർ.

2) പട്ടാളക്കാർ

3) ആദ്യവിഭാഗത്തിൽ നിന്ന് പണം പിരിച്ച് രണ്ടാമത്തെ വിഭാഗത്തിന് നൽകുന്ന ഗുമസ്തരും ഉദ്യോഗസ്ഥരും.

തുടർന്ന് ഗസ്സാലിയുടെ ചിന്ത ധനവിനിയോഗത്തെയും വാണിജ്യ നിയമങ്ങളെയും സ്പർശിച്ചാണ് മുന്നേറുന്നത്. വെവ്വേറെ പഠന വിധേയമാക്കേ വിഷയമാണിത്.

മാനുഷികവും സാമൂഹികവുമായ യഥാർത്ഥ ജീവിത സന്ദർഭങ്ങളെയാണ് തത്വരൂപവൽക്കരണത്തിന് ഗസ്സാലി ആധാരമാക്കുന്നത്. സാങ്കൽപ്പികമായ ഒരു റിപ്പബ്ലിക്കിനെകുറിച്ചല്ല അദ്ദേഹം സംസാരിക്കുന്നത് പ്ലേറ്റോ മുതൽ മാർക്സ് വരെയുള്ള പാശ്ചാത്യ ദാർശനികർ സംസാരിച്ചത് സാങ്കൽപിക രാജ്യങ്ങളെക്കുറിച്ചാണ്. തോമസ് മൂറിന്റെ യൂട്ടോപ്പിയയും റൂസ്സോയുടെ സോഷ്യൽ കോൺട്രാക്റ്റും സാങ്കൽപിക രാഷ്ട്ര വിചാരമാകുന്നു.

### ശരീഅത്തും ഖിലാഫത്തും

ഇസ്‌ലാമിക വീക്ഷണപ്രകാരം ശരീഅത്താണ് രാഷ്ട്രീയാധികാരത്തിന്റെ സ്രോതസ്സ്. മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തെ ബാധിക്കുന്ന ദൈവിക നിയമങ്ങളുടെ സംഘാതമാണ് ശരീഅത്ത്. ഖുർആനും നബിവചനങ്ങളുമാണ് ശരീഅത്തിന്റെ പ്രധാന അവലംബങ്ങൾ. ഖുർആനിന്റെയും നിബചര്യയുടേയും അടിസ്ഥാനത്തിൽ പണ്ഡിതന്മാർ എത്തിച്ചേരുന്ന താരതമ്യ നിർധാരണങ്ങളും (ഖിയാസ്) ശരീഅത്തിന്റെ ഭാഗമായി കണക്കാക്കപ്പെടുന്നു. ഏകോപിതമായ അഭിപ്രായത്തിനാണ് ഇതിൽ മുന്തിയ പരിഗണന. മുസ്‌ലിം ഉമ്മത്തിന്റെ ഏകോപിതാഭിപ്രായം (ഇജ്മാഅ്) ശരീഅത്തിന്റെ സ്രോതസ്സുകളിലൊന്നായതിനാൽ ഉമ്മത്ത്

രാഷ്ട്രീയധികാരത്തിന്റെ കേന്ദ്രമായിത്തീരുന്നു. ചുരുക്കത്തിൽ, ശരീഅത്താണ് ഭരണകൂടത്തെ ഉണ്ടാക്കുന്നത്. ശരീഅത്തിനനുസരിച്ച് സമൂഹത്തെ നയിക്കുക എന്നതാണ് ഭരണകൂടത്തിന്റെ ചുമതല.

ശരീഅത്ത് നടപ്പാക്കാൻ അധികാരമുള്ള വ്യക്തി ഖലീഫയാണ്. ശരീഅത്ത് അനുശാസിക്കുന്ന മതപരമായ കർമ്മങ്ങളുടെയെല്ലാം മേൽനോട്ടവും സൈനിക നേതൃത്വവും ഖലീഫയിൽ നിക്ഷിപ്തമാണ്. ശരീഅത്തനുസരിച്ച് മാത്രമായിരിക്കണം ഖലീഫയുടെ രാഷ്ട്രീയാധികാര പ്രയോഗങ്ങൾ.

യുക്തിയാണ് ഖലീഫയുടെ അധികാരത്തിന്റെ അടിസ്ഥാനം എന്ന മുഅ്തസിലീ വീക്ഷണത്തോട് വിയോജിച്ച ഇമാം ഗസ്സാലി ശരീഅത്തിനെ അധികാരത്തിന്റെ പ്രഭവമായി സ്ഥിരീകരിച്ചു. ഭരണാധികാരി അഥവാ ഇമാം ഉണ്ടായിരിക്കുക എന്നത് ശരീഅത്ത് അനുസരിച്ചും ഇജ്മാഅ് അനുസരിച്ചും നിർബന്ധമാണ്. പ്രവാചകന്റെ മാതൃകയും അതുതന്നെയാണെന്ന് ഗസ്സാലി ചൂണ്ടിക്കാണിക്കുന്നു. മുസ്‌ലിം സമൂഹത്തിന്റെ ചരിത്രവും പൊതുബോധവും ഖിലാഫത്തിനെ അനിവാര്യമാക്കുന്നു എന്ന വീക്ഷണമാണ് ഗസ്സാലി മുന്നോട്ടുവെക്കുന്നത്. ഇസ്‌ലാമിക സമൂഹത്തിന്റെ ചരിത്രപരമായ തുടർച്ച ഖിലാഫത്ത് താൽപര്യപ്പെടുന്നു. ഇസ്‌ലാമിക ശരീഅത്ത് വിഭാവനം ചെയ്യുന്ന നീതിയും സമാധാനവും ഉറപ്പുവരുത്തുന്നതിന് ശരീഅത്ത് നടപ്പാക്കുന്ന ഒരധികാര സ്ഥാപനം അത്യന്താപേക്ഷിതമാണെന്ന് ഇമാം ഗസ്സാലി ഗസ്സാലി അംഗീകരിക്കുന്നില്ല.

നിയമനിർമാണത്തിനുള്ള പരമ്പരാഗത സ്രോതസ്സുകൾ അംഗീകരിക്കുമ്പോൾ തന്നെ നിയമത്തിന്റെ പരമോന്നത ലക്ഷ്യങ്ങൾ (മഖാസിദ്)ക്ക് പ്രാധാന്യം കൽപിക്കുക എന്ന തത്വവും ഗസ്സാലി മുന്നോട്ടുവെച്ചു.

**രാഷ്ട്രധർമം**

രാഷ്ട്രം ശരീരമാണെങ്കിൽ ഭരണകൂടം ശരീരത്തെ നിയന്ത്രിക്കുന്ന ഹൃദയമാണ് എന്ന ഒരുപമ ഗസ്സാലിയുടേതായുണ്ട്. ഹൃദയം ദുഷിച്ചാൽ ശരീരം തകരുന്നതുപോലെ ഭരണകൂടത്തിനു സംഭവിക്കുന്ന അപചയം രാഷ്ട്രത്തെ/സമൂഹത്തെ ശിഥിലമാക്കും. ഭരണാധികാരി ദൈവഭയമുള്ളവനായിരിക്കണമെന്നു നിഷ്കർഷിക്കുന്ന ഗസ്സാലി നീതിപാലനമാണ് രാഷ്ട്രത്തിന്റെ പ്രധാന ധർമ്മമെന്നു അഭിപ്രായപ്പെടുന്നു. സാധാരണക്കാരന്റെ ഭാഗത്തുനിന്നാവണം ഭരണാധികാരി ചിന്തിക്കേണ്ടത്.


കാറൽ മാർക്സ്

താൻ പ്രജയാണെങ്കിൽ തന്നോട് തന്റെ ഭരണാധികാരി എങ്ങനെ പെരുമാറണമെന്നാണവൻ ആഗ്രഹിക്കുക അങ്ങനെയാണ് ഭരണാധികാരി ജനങ്ങളോട് പെരുമാറേണ്ടത്. അന്ത്യവിചാരണ വേളയിൽ ദൈവിക സിംഹാസനത്തിന്റെ തണൽ ലഭിക്കുന്നവരിൽ ഒരു വിഭാഗം നീതമാൻമാരായ ഭരണാധികാരികളാണ് എന്ന പ്രവാചക വചനം ഉദ്ധരിച്ചുകൊണ്ട്

**രാഷ്ട്രം ശരീരമാണെങ്കിൽ ഭരണകൂടം ശരീരത്തെ നിയന്ത്രിക്കുന്ന ഹൃദയമാണ് എന്ന ഒരുപമ ഗസ്സാലിയുടേതായുണ്ട്. ഹൃദയം ദുഷിച്ചാൽ ശരീരം തകരുന്നതുപോലെ ഭരണകൂടത്തിനു സംഭവിക്കുന്ന അപചയം രാഷ്ട്രത്തെ/സമൂഹത്തെ ശിഥിലമാക്കും. ഭരണാധികാരി ദൈവഭയമുള്ളവനായിരിക്കണമെന്നു നിഷ്കർഷിക്കുന്ന ഗസ്സാലി നീതിപാലനമാണ് രാഷ്ട്രത്തിന്റെ പ്രധാനധർമ്മമെന്നു അഭിപ്രായപ്പെടുന്നു. സാധാരണക്കാരന്റെ ഭാഗത്തുനിന്നാവണം ഭരണാധികാരി ചിന്തിക്കേണ്ടത്.**

വാദിക്കുന്നു. ശരീഅത്ത് ഒരധികാരസ്ഥാപനത്തെ സ്വയം ആവശ്യമാക്കിത്തീർക്കുന്നു എന്ന് സാരം. പ്രവാചകന്റെ ലക്ഷ്യങ്ങൾ സാക്ഷാൽകരിക്കുന്നതിന് അധികാരം ആവശ്യമാണെന്നും ഗസ്സാലി വ്യക്തമാക്കുന്നു.

ഖലീഫയുടെ അഭാവത്തിൽ ഖാദി (ന്യായാധിപൻ) ഉണ്ടാവുകയില്ല. ഖാദിക്ക് അധികാരം ലഭിക്കുന്നത് ഖലീഫയിൽനിന്നാണ്. ഖലീഫയും ഖാദിയും ഇല്ലെങ്കിൽ ശരീഅത്തനുസരിച്ചുള്ള ന്യായവിധികൾ നടക്കുകയില്ല. ഖിലാഫത്ത് അനിവാര്യമാണ് എന്നതിന് ഗസ്സാലി ചൂണ്ടിക്കാണിക്കുന്ന ഒരു ന്യായം ഇതാണ്. ഖലീഫക്ക് വിധേയനല്ലാത്ത ഖാദിയുടെ തീരുമാനം അസാധുവാണ്. അതിനാൽ ഖലീഫയുടെ അഭാവം ന്യാവിധികളെയും അവയനുസരിച്ചുള്ള പ്രവർത്തനങ്ങളെയും അസാധുവാക്കുന്നു. ഖലീഫയുടെ വിധേയത്വം ശരീഅത്തിനോടായിരിക്കും. ശരീഅത്തിനതീതമായ ഒരധികാര കേന്ദ്രത്തേയും ഗസ്സാലി പറയുന്നത്, സമൂഹത്തിലെ നിന്ദിതരുടേയും അവശരുടേയും മർദ്ദിതരുടേയും അഭയസ്ഥാനമാവണം ഭരണാധിപൻ എന്നാണ്. നീതിപൂർവ്വം പ്രവർത്തിക്കുമ്പോൾ മാത്രമാണ് ഭരണാധികാരി ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാകുന്നത്. അല്ലാത്തപ്പോൾ അയാൾ ചെകുത്താന്റെ പ്രതിനിധിയായിരിക്കും. ഭരണാധികാരി ധൂർത്തനും ആഡംബര പ്രിയനുമായിരുന്നാൽ നീതിനിർവ്വഹണം അസാധ്യമാകും. ലാളിത്യവും വിനയവുമായിരിക്കണം അധികാരം കൈയ്യാളുന്നവന്റെ മുഖമുദ്ര. ആടുകളെ കറക്കുകയും വീട് സ്വയം തൂത്തുവാരുകയും വസ്ത്രവും ചെരുപ്പും സ്വയം തുന്നുകയും മറ്റുള്ളവരെ സേവിക്കുകയും തൊഴിലാളികളോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്ത പ്രവാചകനായിരിക്കണം ഏതു ഭരണാധികാരിയുടേയും മാതൃകയെന്ന് ഗസ്സാലി പറയുന്നു. എല്ലാവരുടേയും ക്ഷേമം ഉറപ്പുവരുത്താൻ ഭരണകൂട

ത്തിനു ബാധ്യതയുണ്ട്. നിയമവാഴ്ചയിൽ വീഴ്ചവരുത്തരുത്. മുഴുവൻ ജനങ്ങൾക്കും തുല്യനീതി ലഭിക്കണം. കീഴുദ്യോഗസ്ഥൻ ശരിയായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഭരണാധികാരി ഉറപ്പുവരുത്തണം. ഭരണാധിപന്റെ ദൈനംദിന പ്രവൃത്തികൾ എങ്ങനെയായിരിക്കണമെന്ന് ഗസ്സാലി വിശദീകരിക്കുന്നു. ഭരണാധിപന്റെ ഒരു ദിവസത്തെ പ്രവർത്തനങ്ങളുടെ ക്രമം തന്നെ അദ്ദേഹം ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഭരണാധികാരി മൃഗയാ വിനോദങ്ങളിലും ചൂതുകളിയിലും സമാനമായ കൃത്യങ്ങളിലും ഏർപ്പെടുന്നതിനെ ഗസ്സാലി നിശിതമായി വിമർശിക്കുന്നു. സ്വജന പക്ഷപാതത്തിനെതിരെ അദ്ദേഹം ശക്തമായ താക്കീതും നൽകുന്നുണ്ട്.

പൗരന്മാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ഭരണകൂടത്തിനു അവകാശമുണ്ട് എന്ന് അംഗീകരിക്കുന്ന ഗസ്സാലി രാഷ്ട്രം വ്യക്തിയുടെ സ്വകാര്യതയെ ഭേദിക്കരുതെന്ന് ഓർമ്മിപ്പിക്കുന്നുണ്ട്. സ്വകാര്യങ്ങൾ ചുഴിഞ്ഞന്വേഷിക്കാതിരിക്കുക, ഉടമസ്ഥന്റെ അനുവാദം വാങ്ങി മുൻവശത്തുകൂടി മാത്രം വീട്ടിൽ പ്രവേശിക്കുക എന്നീ തത്വങ്ങൾ പൗരന്മാരുമായുള്ള ഇടപാടുകളിൽ ഭരണാധികാരികൾക്കും ബാധകമാണ്.

**സമകാലിക രാഷ്ട്രീയം: ഗസ്സാലിയുടെ നിലപാട്**

ഇമാം ഗസ്സാലി തന്റെ ജീവിത കാലഘട്ടത്തിലെ രാഷ്ട്രീയത്തെ ഇസ്‌ലാമിക അവബോധത്തോടെ വിശകലനം ചെയ്തപ്പോൾ രൂപപ്പെട്ടതാണ് മുകളിൽ പരാമർശിച്ച തത്വങ്ങളും നിലപാടുകളും എന്നു മനസ്സിലാക്കാൻ പ്രയാസമില്ല. പേർഷ്യയിലെ ത്വൂസിനു സമീപം ഹിജ്റഃ 450 (ക്രി 1058) ലാണ് ഗസ്സാലിയുടെ ജനനം. ആ കാലഘട്ടത്തിലെ രാഷ്ട്രീയ സിരാകേന്ദ്രമായ ബാഗ്ദാദിൽ ഭരണാധികാരിയേക്കാൾ ആദരവ് ലഭിക്കുന്ന പദവിയിൽ ഗസ്സാലി ഇരുന്നിട്ടുണ്ട്. പിന്നീട് പദവിയിലും പ്രതാപത്തിലും വിരക്തി തോന്നി അദ്ദേഹം ദേശസഞ്ചാരത്തിനു പുറപ്പെട്ടു. സിറിയ, ഈജിപ്ത്, മക്ക, മദീന വഴി ദീർഘകാലം യാത്ര ചെയ്ത് ഒടുവിൽ സ്വദേശത്ത് തിരിച്ചെത്തുകയാണുണ്ടായത്. ഇക്കാലത്ത് മുസ്‌ലിം ലോകത്തിന്റെ പൊതുവായ രാഷ്ട്രീയ സ്ഥിതി എന്തെന്ന് അനുഭവിച്ചറിയാനും വിലയിരുത്താനും സ്വാഭാവികമായും അദ്ദേഹത്തിന് അവസരം ലഭിച്ചു. ഹിജ്റഃ 505 (ക്രി1111) ലാണ് ഗസ്സാലിയുടെ ചരമം.

ബാഗ്ദാദിൽ അബ്ബാസികളുടെ പ്രതാപം ക്ഷയിക്കുകയും വിവിധ വിഭാഗങ്ങൾ അധികാരത്തിനുവേണ്ടിയുള്ള വടംവലികളിലും ഗൂഢനീക്കങ്ങളിലും ഏർപ്പെടുകയും ചെയ്ത കാലം. തുർക്കികളായ സൽജൂക്കകൾക്കായിരുന്നു രാഷ്ട്രീയ മേൽകൈ. തഗ്റൽബേഗ് എന്ന സുൽത്താൻ ഹിജ്റഃ 447 ഓടെ ഇറാഖ് കൈവശപ്പെടുത്തി. തഗ്റൽബേഗിന്റെ മകൻ അർപ് അർസലാനും തുടർന്ന് അദ്ദേഹത്തിന്റെ മകൻ മാലിക് ഷായും ഇറാഖ് ഭരിച്ചു. മാലിക് ഷാ കീർത്തി നേടിയ രാജാവായിരുന്നു. മാലിക് ഷായുടെ പ്രശസ്ത മന്ത്രി നിസാമുൽ മുൽകുമായി ഊഷ്മളമായ സൗഹൃദമാണ് ഗസ്സാലിക്കുണ്ടായിരുന്നത്. നിസാമുൽ മുൽക് സ്ഥാപിച്ച വിദ്യാലയത്തിന്റെ പ്രധാനാധ്യാപകനായിരിക്കെയാണ് ഗസ്സാലി ആധ്യാത്മിക ചിന്തകളിലേക്ക് വഴി മാറുന്നതും നാടുവിടുന്നതും. മാലിക് ഷാ ഹിജ്റഃ 485ൽ നിര്യാതനായി. സൽജൂക്കികളുടേയും അവരുടെ സാമന്തൻമാരുടേയും ഭരണത്തിന് ഇമാം ഗസ്സാലി സാക്ഷിയായിരുന്നു. മലിക് ഷായുടെ മരണശേഷം നടന്ന അധികാര കലഹം മുസ്‌ലിം രാഷ്ട്ര ശരീരത്തിലുണ്ടാക്കിയ തളർവാതം ഗസ്സാലി തന്റെ പ്രധാന ഗ്രന്ഥങ്ങളുടെ രചനാവേളകളിൽ നേരിൽ കാണുന്നുണ്ട്. അബ്ദുല്ലാ അബൂ ജഅ്ഫർ ഖാദീ ബി അംരില്ലാ (ഹി.422-467/1031-1075) അബ്ദുല്ലാ അബുൽ ഖാസിം അൽ മുഖ്തദി ബി അംരില്ലാ (467-847/1075-1094), അഹ്മദ് അബുൽ അബ്ബാസ് അൽ മുൻതസിർ ബില്ലാഹ് (487-512/1094-1118) തുടങ്ങിയവരുടെ ഭരണകാലം ഗസ്സാലിയുടെ ജീവിതകാലത്തായിരുന്നു. ഈ ഭരണാധികാരികളുടെ നിലപാടുകളോടും നടപടി ക്രമങ്ങളോടുമുള്ള പ്രതികരണം ശരിയായ ഭരണാധികാരി എങ്ങനെ ആവണമെന്ന ഗസ്സാലിയുടെ വിവരണങ്ങളിൽ നിന്നു വായിച്ചെടുക്കാനാവും. സ്വേച്ഛാപ്രവർത്തകരായ രാജാക്കൻമാരോടുള്ള അമർഷം ഗസ്സാലിയുടെ രാഷ്ട്രീയ ചിന്തകളിൽ എരിയുന്ന കനലായി സദാ വർത്തിക്കുന്നു.

ഗസ്സാലി തന്റെ ആശയങ്ങൾ ചിന്തകളിലും രചനകളിലും ഒതുക്കി നിർത്തിയില്ല. സമകാലികരായ ഭരണാധികാരികളോടും നീതി നിർവഹണ ഉദ്യോഗസ്ഥരോടും കത്തുകൾ മുഖേന നിർഭയം അദ്ദേഹം സംവദിക്കുകയുണ്ടായി. സുൽത്താൻ സർജാർ അൽജ്ജുവി, നിസാമുദ്ദീൻ ഫഖ്ദൽ മുൽക്, മുഈനുൽ മുൽക്, മുജീറുദ്ദീൻ തുടങ്ങി നിരവധി അമീറുമാർക്കും ഖാദിമാർക്കും പണ്ഡിതന്മാർക്കും അവരുടെ ദുഷ്ചെയ്തികളെ തുറന്നുവിമർശിച്ച് ഗസ്സാലി കത്തുകൾ എഴുതിയിട്ടുണ്ട്. ഭരണാധികാരികളെ അവരുടെ തെറ്റുകളെ കുറിച്ച് ഓർമ്മിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യേണ്ടത് പണ്ഡിതന്മാരുടെ കർത്തവ്യമാണെന്ന് ഈ കത്തുകളിൽ ഗസ്സാലി വ്യക്തമാക്കുന്നു. നിസാമുദ്ദീൻ ഫഖ്റുൽ മുൽക്കിന് എഴുതിയ കത്തിൽ ഗസ്സാലി തുറന്നടിക്കുന്നത് കാണുക: ‘നിസാമുൽ മുൽക്കിനേയും താജുൽ മുൽക്കിനേയും പോലുള്ള മന്ത്രിമാർക്കെല്ലാം എന്തുസംഭവിച്ചു? മറ്റു ലോകത്താണല്ലോ ഇപ്പോഴവർ. തങ്ങളുടെ മുൻഗാമികളുടെ ദാരുണമായ പതനം സ്വന്തം കൺമുമ്പിൽ കണ്ടവരാണവർ. എന്നിട്ടുമവർ ആ മുന്നറിയിപ്പുകൾ ഉൾക്കൊണ്ടില്ല. തങ്ങളും മരിക്കുമെന്ന് അവർക്കറിയാമായിരുന്നു. പക്ഷെ അതിനുള്ള മുന്നൊരുക്കങ്ങളൊന്നും അവർ ചെയ്തില്ല. ലോകത്തിന്റെ ക്ഷണികതയെ കുറിച്ചോ മുഖസ്തുതിക്കാരുടെ ആലോചനയില്ലായ്മയെക്കുറിച്ചോ അവരോർത്തില്ല. എത്ര ഇടുങ്ങിയ വട്ടത്തിലാണ് തങ്ങളുടെ കളിയെന്നുമാലോചിച്ചിട്ടുമില്ല. എവിടെയാണവരിപ്പോൾ? എങ്ങുമില്ല’. പ്രസക്തമായ ഖുർആൻ വചനങ്ങൾ ഉദ്ധരിച്ച ശേഷം ഗസ്സാലി തുടരുന്നു: ‘എന്നിട്ടും താങ്കളെന്താണ് ആ മന്ത്രിമാരുടെ വഴിതന്നെ തെരഞ്ഞെടുക്കുന്നത്? സ്വന്തം പ്രകൃതിക്കന്യമായ ചുരമാന്തലുകളെ വർജ്ജിക്കാത്തതെന്ത്?’ ന്യായാധിപന്മാർക്കും മതപണ്ഡിതന്മാർക്കും അവരുടെ കടമകൾ ഓർമ്മിപ്പിച്ചുകൊണ്ട് ഗസ്സാലി കത്തെഴുതി. അധികാരികൾക്ക് പാദസേവ ചെയ്യുന്ന മതപണ്ഡിതന്മാരെ നികൃഷ്ടരായാണ് അദ്ദേഹം കണ്ടത്. ■